ബോണസ് കുറവ് ചെയ്തിട്ടുണ്ടോ, എങ്കിൽ ബാക്കി തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്രകാരം എക്സ്ഗ്രേഷ്യാ എന്ന ഇനത്തിൽ തുക കുറച്ച് കണക്കാക്കിയ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(എഫ്) 1996 ലെ ബോണസ് വിതരണം ചെയ്യാൻ കാലവിളംബം വരുത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ജി) 1996-98 കാലയളവിൽ നടന്ന വിവിധ ക്രമക്കേടുകളിൻമേൽ സ്വീകരിച്ച നടപടികൾ ആർക്കെല്ലാമെതിരെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കാപ്പെക്സിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ശ്രീ. മാത്യുക്കുട്ടിയുടെ ഹർജിയിൻമേൽ മനേജിംഗ് ഡയറക്ടർ നടത്തിയതാണ് പ്രസ്തുത ചർച്ച. ബോണസിന്റെ കാര്യമൊഴികെ ശ്രീ. മാത്യുക്കുട്ടിയുടെ പരാതി സംബന്ധിച്ച എല്ലാ പ്രശ്നങ്ങളും പരിഹരിച്ചിരുന്നു എന്നും ബോണസിനർഹനല്ല എന്ന് അദ്ദേഹത്തെ അറിയിച്ചിരുന്നു എന്നും മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ശ്രീ. മാത്യുക്കുട്ടി സർക്കാരിനു നൽകിയ ഒരു ഹർജിയുടെ അടിസ്ഥാനത്തിൽ 09-7-98 ലെ 12178/കെ 3/99 കത്തു പ്രകാരം ഹർജിക്കാരന്റെ പരാതി കേട്ട് വേണ്ട നടപടി സ്വീകരിക്കുവാൻ കാപ്പെക്സ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗുഡ്വിൽ എന്നതിന് 'സൗമനസ്യം' എന്നും ഇൻസെന്റീവ് എന്നതിന് 'പ്രോത്സാഹന'മെന്നുമാണ് ഡിക്ഷ്ണറികളിൽ നിർവചിച്ചുകാണുന്നത്.

(ഡി)&(എഫ്) 1996 ൽ കാപ്പെക്സിൽ വിതരണം ചെയ്ത ഗുഡ്വിൽ, ഓണം ഇൻസെന്റീവ്, എക്സ് ഗ്രേഷ്യാ ഇവ സംബന്ധിച്ച് ധാരാളം ആരോപണങ്ങൾ ലഭിക്കുന്നുണ്ട്. ഇക്കാര്യം പ്രത്യേകമായി അന്വേഷിച്ച് അനധികൃതമായാണ് പ്രസ്തുത തുക വിതരണം നടത്തിയിട്ടുള്ളത് എന്നു കാണുകയാണെങ്കിൽ അതിനെതിരെയും അനർഹമായത് കൈപ്പറ്റിയിട്ടുള്ളവരിൽനിന്നും അത് തിരിച്ചു പിടിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ജി) 1996-98 ലെ വിവിധ ക്രമക്കേടുകളെ സംബന്ധിച്ച് നടത്തുന്ന അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ ലഭിച്ച ശേഷമേ അതിനുത്തരവാദികളായവർക്കെതിരെ നടപടിയെടുക്കാനാവൂ.

55 (611) ടെക്സ്റ്റയിൽ മില്ലുകളുടെ പുനരുദ്ധാരണം

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. സി. മൊയിൻകുട്ടി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെക്സ്റ്റയിൽ മില്ലുകൾ പുനർപ്രവർത്തിപ്പിക്കുന്നതിനുവേണ്ടി എന്തു തുക മുടക്കി. ഇതിന് മാനേജ്മെന്റ് ആരെയാണ് ഏൽപ്പിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ഐ.ഡി.സി.ക്ക് ഇതിന്റെ പ്രവർത്തനത്തിൻമേൽ നിയന്ത്രണം അനുവദിച്ചിട്ടുണ്ടോ;

(സി) ഈ മാനേജ്മെന്റിന്റെ പ്രവർത്തനംകൊണ്ട് മില്ലുകൾ ലാഭകര മായി പ്രവർത്തിച്ചോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇപ്പോഴും മാനേജ്മെന്റ് തുടരുന്നുണ്ടോ; ഇല്ലെങ്കിൽ ഇപ്പോൾ മനേജ്മെന്റ് ആർക്കാണ്;

(ഇ) മില്ലിന്റെ പ്രവർത്തനത്തിൽ നഷ്ടം എത്രയെന്ന് കണക്കാക്കിയി ട്ടുണ്ടോ;

(എഫ്) പലിശയിനത്തിൽ ഇതുവരെ എത്ര രൂപ കൊടുത്തുതീർക്കാ നുണ്ട്;

(ജി) ഓരോ വർഷവും പലിശ കൊടുക്കാൻ എന്തു തുക വേണ്ടിവരു ന്നുണ്ട്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തറ ടെക്സ്റ്റയിൽസിന്റെ പുനർപ്രവർത്തനത്തിനായി ഒരു ലക്ഷം രൂപയും, 22-9-96 ൽ പൂട്ടിയിട്ടശേഷം തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന് 101.26 ലക്ഷം രൂപയും സാമ്പത്തിക സഹായമായി നൽകിയിട്ടുണ്ട്. കുന്നത്തറ ടെക്സ്റ്റ യിൽസിന്റെ മാനേജ്മെന്റ് സ്വാമി ആന്റ് അസോസിയേറ്റ്സിനെ ഏൽപ്പിക്കുന്ന തിനായി ധാരണയായി. തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ മാനേജ്മെന്റ് ചുമതല ഇപ്പോൾ കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് ചാർജ് കൊടുത്തിരിക്കുകയാണ്.

(ബി) ഇല്ല.

(സി) പൂട്ടിക്കിടക്കുന്ന മുകളിൽ പറഞ്ഞ രണ്ടു മില്ലുകളും തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഡി) 'എ' വിഭാഗത്തിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യമുദി ക്കുന്നില്ല.

(ഇ) കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കാത്തതി നാൽ ശരിയായ കണക്ക് ലഭ്യമല്ല. തിരുവനന്തപുരം സ്പിന്നിംഗ് മിൽ 1997-98, 98-99 എന്നീ വർഷങ്ങളിൽ മൊത്തം 284.41 ലക്ഷം രൂപയുടെ നഷ്ടമുണ്ട്.

(എഫ്) കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കാത്തതിനാൽ കണക്ക് ലഭ്യമല്ല. തിരുവനന്തപുരം സ്പിന്നിംഗ് മിൽ പലിശ അടയ്ക്കാനില്ല.

(ജി) കുന്നത്തറ ടെക്സ്റ്റയിൽസ് പൂട്ടിക്കിടക്കുന്നതിനാൽ കണക്കാ ക്കിയിട്ടില്ല. ബി.ഐ.എഫ്.ആർ. പദ്ധതി പ്രകാരം ഗവൺമെന്റിൽനിന്ന് അനുവ ദിച്ചിട്ടുള്ള വായ്പാ തുകയുടെ പലിശനിരക്ക് 5 വർഷ കാലാവധി പൂർത്തി യാക്കിയ ശേഷമേ നിശ്ചയിക്കപ്പെടൂ എന്നതിനാൽ തിരുവനന്തപുരം സ്പിന്നിംഗ് മിൽ ഓരോ വർഷവും കൊടുക്കേണ്ട പലിശ കണക്കാക്കിയിട്ടില്ല.

56 (612) യന്ത്രവൽകൃത എണ്ണയാട്ട് മരച്ചക്ക് യൂണിറ്റുകളുടെ പലിശ ഒഴിവാക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസാ യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly